(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-/10/1549/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
തീയതി:06.11.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇളംദേശം ബ്ലോക്ക്പഞ്ചായത്ത്
സർ,

വിഷയം: ഇളംദേശം ബ്ലോക്ക്പഞ്ചായത്ത് - 2016-2017 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇളംദേശം ബ്ലോക്ക്പഞ്ചായത്തിന്റെ 2016-2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ- /10/1549/2017 തീയതി :

06.11.2017

# ഇടുക്കി ജില്ലയിലെ ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 28.02.2017മുതൽ 22.10.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.എസ്.മുരളി ദാസ്,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 23.10.2017മുതൽ 26.10.2017 വരെ |

| | | | |
|---|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | സുസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | | രാജീവ് എം.എസ് | അസി.ഓഡിറ്റ് ഓഫീസർ |
| | | മരുൺ മാത്യൂ | അസി.ഓഡിറ്റ് ഓഫീസർ |
| | | മായാ കൃഷ്ണൻ | ഓഡിറ്റർ |

(ബി) <u>നിർവ്വഹണാധികാരികൾ</u>

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ബിന്ദു പ്രസന്നൻ | 01.04.2016മുതൽ 31.03.2017 വരെ |
| സെക്രട്ടറി | : | ഫിലിപ്പ് ജോസഫ് | 01.04.2016മുതൽ 19.04.2017 വരെ |
| | | സുഹറത്ത് ബീവി സി.ഐ | 20.04.2016മുതൽ 02.05.2016 വരെ |
| | | ഷിബു വർഗ്ഗീസ് | 03.05.2016മുതൽ 10.05.2016വരെ<br>01.12.2016മുതൽ 23.01.2017 വരെ |
| | | ജോസ് ജോസഫ് | 11.05.2016മുതൽ 30.11.2016. വരെ |
| | | ജി ശിശുപാലൻ | 24.01.2017 മുതൽ31.03.2017 വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
|---|---|---|---|
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| പട്ടികജാതി വികസന ഓഫീസർ | : | വി.ജെ.ജോർജ്ജ് കുട്ടി | 01.04.2016മുതൽ 31.03.2017 വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | : | അനൂപ് കുമാർ പി.സി | 01.04.2016മുതൽ 31.03.2017 വരെ |
| അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | : | സിസി പി മാത്യൂ | 01.04.2016മുതൽ 31.03.2017 വരെ |
| ക്ഷീരവികസന ഓഫീസർ | : | കെ.കെ ഉഷാഭായി | 01.04.2016മുതൽ 18.06.2016വരെ |
| | | സുപ്രിയാദേവി | 19.06.2016മുതൽ 03.08.2016 വരെ |
| | | സുധീഷ് എം.പി | 04.08.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | : | ഡോ.മെറീന ജോർജ്ജ് | 01.04.2016മുതൽ 31.03.2017 വരെ |
| സി.ഡി.പി.ഒ | : | ശ്രീമതി.സിസിലിയാമ്മ മാത്യൂ | 01.04.2016മുതൽ 31.03.2017 വരെ |
| അസി. എക്സി.എഞ്ചിനീയർ | : | ശ്രീമതി.ജിജി തോമസ് | 01.04.2016മുതൽ 31.03.2017 വരെ |

ഉള്ളടക്കം

| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 12 | വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ |
| 13 | 2-1 | വാടകക്കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭ്യമല്ല |
| 14 | 2-2 | ഇ-ടെണ്ടർ നടപടിയിലൂടെ ലഭിച്ച ടെണ്ടർ ഫീ, ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടില്ല |
| 15 | 2-3 | സി എച്ച് സി ക്വാർട്ടേഴ്സ്-വാടക ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല |

| | | |
|---|---|---|
| 16 | 3-1 | പ്രോജക്ടിൽ വകയിരുത്തിയതിലും കൂടുതൽ തുക ചെലവഴിച്ചത് അംഗീകരിക്കുന്നില്ല |
| 17 | 3-2 | യാത്രാബത്ത അംഗീകാരം ലഭിച്ചിട്ടില്ല- തടസ്സം ₹50548/- |
| 18 | 3-3 | പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ - അപാകതകൾ |
| 19 | 3-4 | ലഹരി വിമുക്ത കേരളം പദ്ധതി ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല-തടസ്സം ₹25000/- |
| 20 | 3-5 | പദ്ധതി രൂപീകരണം -ഫയൽ ഹാജരാക്കിയില്ല |
| 21 | 3-6 | വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ ക്വട്ടേഷൻ ക്ഷണിക്കാതെ നടത്തി- തടസ്സം ₹53845/- |
| 22 | 3-7 | കരിയർ ഗൈഡൻസ് ആന്റ് കമ്പ്യൂട്ടർ ട്രെയിനിങ് സെന്റർ, കരിമണ്ണൂർ- തുടർ പ്രവർത്തനം ആവിഷ്കരിച്ചില്ല-ചെലവ് തടസ്സം |
| 23 | 3-8 | ഐ.എ.വൈ അക്കൗണ്ടിൽ ഗണ്യമായ തുക അവശേഷിക്കുന്നു |
| 24 | 3-9 | ഭരണ സമിതി തീരുമാനങ്ങൾ നടപ്പിലാക്കിയില്ല |
| 25 | 3-10 | സി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ |
| 26 | 3-11 | ഐ. എ. വൈ. പദ്ധതി നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച് |
| 27 | 3-12 | ISO സർട്ടിഫിക്കേഷൻ- പദ്ധതി നടത്തിപ്പിൽ അപാകത- ചെലവ് തടസ്സം |
| 28 | 3-13 | ഗ്രാമീണ പഴം-പച്ചക്കറി, സംഭരണ വിപണനത്തിനായുള്ള ഗ്രാമീണ മാർക്കറ്റ്-(HADA) പദ്ധതി നടത്തിപ്പിൽ അപാകത- ചെലവ് തടസ്സം |

| | | |
|---|---|---|
| 29 | 3-14 | വികലാംഗർക്ക് മുച്ചക്ര വാഹനം വാങ്ങൽ |
| 30 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 31 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 32 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 33 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 34 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 35 | 4-6 | ഓഡിറ്റ് റിക്കവറി |
| 36 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 37 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 38 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 39 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-2017 വർഷത്തെ ബജറ്റ് 27.02.16 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 31.07.2017 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. | | |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 36684378 |
| വരവ് | 69445771 |
| ആകെ | 106130149 |
| ചെലവ് | 71729114 |
| നീക്കിയിരിപ്പ് | 34401035 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | എ.സി.ആർ പ്രകാരമുള്ള വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 23149331 | 23149331 | 15439244 | 66.69 |
| വികസനഫണ്ട് എസ്.സി.പി. | 4376985 | 4376985 | 1835563 | 41.93 |
| വികസനഫണ്ട് ടി.എസ്.പി. | 9784725 | 9784725 | 7843139 | 76.74 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3598677 | 3598677 | 2498511 | 69.35 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 88 | 50993355 | 58 | 27649202 | 16 | 14 | 67.58 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 4.14 ശതമാനം കുറവ്/വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 137919 | 225716 | (+)087797 | (+)64 |
| മറ്റുവരവുകൾ | 819797 | 771712 | (-) 48085 | (-) 6 |
| ആകെ | 957716 | 997428 | 39712 | 4.14 |

## 1-8 ക്ഷേമപദ്ധതികൾ

ബാധകമല്ല

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.10.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് ഇല്ല.

## 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനം

രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. ഓരോയിനത്തിലെ ഫയലുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രത്യേകമായി സൂക്ഷിക്കേണ്ടതാണ്. പ്രക്യുയർമെന്റ് കമ്മിറ്റി നാളിതുവരെയും കൂടിയിട്ടില്ല. ടി സംവിധാനം നടത്താതെയാണ് ഫർണ്ണീച്ചർ മറ്റ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2/17 | 2016-2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.02.2015 മുതൽ 07.02.2015 വരെ | 2012-2013 | 28.04.2015 |

## 1-12 വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ

വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനങ്ങളിലുള്ള തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

2. ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ ആസ്തികളുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.

3. വാടക ഇനത്തിൽ അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

5. പാസ്സ് ബുക്ക് ബാലൻസുകളുമായി ക്യാഷ് ബുക്ക് ബാലൻസ് പൊരുത്തപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടകക്കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭ്യമല്ല

ബ്ലോക്ക് പഞ്ചായത്തിലെ ആകെ വാടകക്കെട്ടിടങ്ങളുടെ എണ്ണം, തൻവർഷം വാടകയ്ക്ക് നൽകിയതിന്റെ എണ്ണം, വിവരങ്ങൾ, ഉപയോഗശൂന്യമായി കിടക്കുന്നതിന്റെ വിവരങ്ങൾ എന്നിവ സംബന്ധിച്ച രേഖകൾ ലഭ്യമല്ല. ഇക്കാര്യത്തിലേക്ക് ഭരണ വകുപ്പിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 ഇ-ടെണ്ടർ നടപടിയിലൂടെ ലഭിച്ച ടെണ്ടർ ഫീ, ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടില്ല

2016-17 വർഷം വിവിധ മരാമത്ത് വേലകൾക്ക് ഇ- ടെണ്ടർ സമർപ്പിച്ചതു വഴി വിവിധ കരാറുകാർ ടെണ്ടർ ഫീ ഇനത്തിൽ ഒടുക്കിയ തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനതു ഫണ്ടിൽ ലഭിച്ചിട്ടില്ല. നിലവിൽ ഇടുക്കി എൽ എസ് ജി ഡി എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള ഈ തുക കൃത്യമായി കണക്കാക്കി ലഭ്യമാക്കി തനതു ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിൽ റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## 2-3 സി എച്ച് സി ക്വാർട്ടേഴ്സ്-വാടക ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിൽ ഇളംദേശത്തുള്ള സി എച്ച് സി ക്വാർട്ടേഴ്സുകളുടെ വാടക നിലവിൽ ബ്ലോക്ക് പഞ്ചായത്തിനു ലഭിക്കുന്നില്ല. ഭാവിയിൽ ക്വാർട്ടേഴ്സ് വാടക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രോജക്ടിൽ വകയിരുത്തിയതിലും കൂടുതൽ തുക ചെലവഴിച്ചത് അംഗീകരിക്കുന്നില്ല

| നിർവഹണം | സെക്രട്ടറി |
|---|---|
| ബിൽ നമ്പർ തിയതി | തുക |
| 17/16-17/04.03.2017 | 670000 |
| 21601134/21.03.2017 | 29600 |
| ആകെ | 699600 |
| ആകെ അടങ്കൽ | 67000 |
| പ്രോജക്ട് നമ്പർ | 56/17 |

ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് കീഴിലുള്ള കുടയത്തൂർ പഞ്ചായത്തിലുൾപ്പെടുന്ന പട്ടികജാതി ഹോസ്റ്റലിൽ വൈദ്യുതീകരണം എന്ന പ്രോജക്ടിന് അംഗീകരം ലഭിച്ചിട്ടുള്ളതാണ്. ഈ പ്രവർത്തിക്കുവേണ്ടി തൃശ്ശൂർ, പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ ₹699000/-യുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തു. അധികമായി വരുന്ന തുക ₹29600/- ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും നൽകുന്നതിനും തീരുമാനിച്ചു. എന്നാൽ പ്രോജക്ടിൽ ₹29600/- ഉൾപ്പെടുത്തി പുതുക്കാതെയാണ് പദ്ധതി നിർവ്വഹണം നടപ്പിലാക്കിയത്. അധികമായി ചെലവഴിച്ച ₹29600/- നിർവഹണം നടത്തിയ സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 14 ആയി നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല.

## 3-2 യാത്രാബത്ത അംഗീകാരം ലഭിച്ചിട്ടില്ല- തടസ്സം ₹50548/-

ബ്ലോക്ക് പഞ്ചായത്തിലെ വിവിധ യാത്രകൾക്ക് താഴെ സൂചിപ്പിക്കുന്ന യാത്രബത്ത നൽകിയിട്ടുണ്ട്. എന്നാൽ ടി യാത്രകൾ ജനറൽ കമ്മിറ്റി അംഗീകാരം നൽകിയിട്ടില്ല.അംഗീകാരം

നൽകാതെ യാത്രബത്തയായി കൈപ്പറ്റിയ തുക ₹50548/- തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | ഇനം | തുക | ബിൽനം. |
|---|---|---|---|
| 1 | ടൂർ ടി.എ. മർട്ടിൽ മാത്യു | 705 | 10/16-17/27.04.16 |
| 2 | ടി.എ. എ.കെ. നസീർ | 4875 | 27/16-17/31.05.16 |
| 3-2 | അബിൻ ഡ്രൈവർ | 2195<br>1350 | 170/16-17 /07.01.17<br>224/1617 /13.03.2017 |
| 4 | മെമ്പറുടെ യാത്രാബത്ത | 698 | 219/16-17 /16.03.17 |
| 5 | ഡ്രൈവറുടെ യാത്രാബത്ത | 3825 | 199/16-17 /17.02.17 |
| 6 | പ്രസിഡന്റിന്റെ യാത്രാബത്ത | 36,900 | 210/16-17 /28.02.17 |
| ആകെ | | 50548 | |

## 3-3 പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ - അപാകതകൾ

| നിർവഹണം | സെക്രട്ടറി |
|---|---|
| ബിൽ നമ്പർ തീയതി | തുക |
| 2/16-17/26.10.2016 | 225000 |
| 6/16-17/30.11.2016 | 225000 |
| 12/16-17/16.01.2017 | 78000 |
| ആകെ | 528000 |

| | |
|---|---|
| ആകെ അടങ്കൽ | 899725 |
| പ്രോജക്ട് നമ്പർ | 62/17 |
| പ്രോജക്ടിന്റെ പേര് | പി.ആർ.റ്റി.സി (എസ്.റ്റി.) |

| ബിൽ നമ്പർ തിയതി | തുക |
|---|---|
| 3/16-17/26.10.2017 | 100000 |
| 7/16-17/30.11.2017 | 100000 |
| 11/16-17/16.01.2017 | 88000 |
| ആകെ | 288000 |
| പ്രോജക്ട് നമ്പർ | 61/17 |
| പ്രോജക്ടിന്റെ പേര് | പി.ആർ.റ്റി.സി (എസ്.സി) |
| അടങ്കൽ | 399985 |

യുവതീ യുവാക്കൾക്ക് സൈനിക, അർദ്ധസൈനിക, പോലീസ് വിഭാഗങ്ങളിൽ ജോലികൾ നേടുവാൻ സഹായകരമാവുന്ന 2 മാസത്തെ പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ കോഴിക്കോട് മുഖേന നടപ്പിലാക്കുവാൻ ബ്ലോക്ക് പഞ്ചായത്തിന് അനുമതി ലഭിച്ചിട്ടുള്ളതും പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. എസ്.റ്റി വിഭാഗത്തിൽ 22 പേരും എസ്.സി വിഭാഗത്തിൽ 12 ഉൾപ്പെടുത്തിയിട്ടുള്ളതും ആണ്. എന്നാൽ ടി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളതിന്റെ ഗുണഭോക്തൃ ലിസ്റ്റ്, തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ ടി ട്രെയിനിംഗിൽ പങ്കെടുത്തു എന്നതിന്റെ ഹാജർ സംബന്ധിക്കുന്ന വിവരം, ട്രെയിനിംഗ് പൂർത്തീകരിച്ചതിന്റെ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് നം.11/

25.10.2017 ന് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ (288000+528000)അഭാവത്തിൽ ചെലവ് ₹816000/- തടസ്സപ്പെടുത്തുന്നു.

## 3-4 ലഹരി വിമുക്ത കേരളം പദ്ധതി ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല- തടസ്സം ₹25,000/-

ലഹരി വിമുക്ത കേരളം പദ്ധതിക്കു വേണ്ടി എക്സൈസ് സർക്കിൾ ഓഫീസിൽ നിന്നും നൽകിയ ₹25000/- ബിൽ നമ്പർ 216/16-17/02.03.17 പ്രകാരം മാറി നല്കിയതായി കാണുന്നു. ആയതിന്റെ ചെലവു രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ടി തുക തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/25.10.2017 ന് മറുപടി ലഭ്യമാക്കിയില്ല.

## 3-5 പദ്ധതി രൂപീകരണം -ഫയൽ ഹാജരാക്കിയില്ല

| ബിൽ നമ്പർ തിയതി | തുക |
|---|---|
| 14/16-17/09.02.17 | 64749 |
| 36/16-17/28.03.17 | 44936 |
| ആകെ | 109685 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി രൂപീകരണം എന്ന പദ്ധതിക്കായി മേൽ സൂചിത ബിൽ പ്രകാരം തുക പിൻവലിച്ചിട്ടുണ്ട്. എന്നാൽ വിവിധ നോട്ടീസുകൾ അച്ചടിക്കുന്നതിനായുള്ള ക്വട്ടേഷൻ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ആയതിനാൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ടി പദ്ധതിക്കു വേണ്ടി ചെലവഴിച്ച തുക ₹1,09,685/-തടസ്സപ്പെടുത്തുന്നു.

## 3-6 വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ ക്വട്ടേഷൻ ക്ഷണിക്കാതെ നടത്തി- തടസ്സം ₹53845/-

ജി.ഒ.(എം.എസ്.)170/07 ത.സ്വ.ഭ.വ. 30.06.2007 പ്രകാരം ₹10000/-യ്ക്ക് മേൽ ചെലവ് വരുന്ന എല്ലാ വാഹന അറ്റകുറ്റപ്പണികളും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കമ്മറ്റിയുടെ അംഗീകാരത്തിനു വിധേയമായി മത്സരസ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യിക്കേണ്ടതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിലെ വാഹനങ്ങളുടെ താഴെ സൂചിപ്പിക്കുന്ന

അറ്റകുറ്റപ്പണികൾ ഇപ്രകാരം ചെയ്തിട്ടുള്ളതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.12/26.10.2017 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവു തുകയായ ₹53845/- തടസ്സപ്പെടുത്തുന്നു.

| ക്രമ നം | ഇനം | തുക | ബിൽ നം |
|---|---|---|---|
| 1 | KL 38B 9972 ജീപ്പിന്റെ അറ്റകുറ്റപ്പണികൾ | 38780/- | 110/16-17 /07.10.2016 |
| 2 | KL 6A 7758 വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ | 15065/- | 185/16-17 /03.02.17 |
| ആകെ | | 53845/- | |

## 3-7 കരിയർ ഗൈഡൻസ് ആന്റ് കമ്പ്യൂട്ടർ ട്രെയിനിങ് സെന്റർ, കരിമണ്ണൂർ–തുടർ പ്രവർത്തനം ആവിഷ്കരിച്ചില്ല-ചെലവ് തടസ്സം

| | |
|---|---|
| പ്രോജക്ട് നം. | 77/17 |
| നിർവഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| ചെലവ് | |

| ബിൽ നം | തീയതി | തുക₹ |
|---|---|---|
| 1 | 23-02-2017 | 403563 |
| 2 | 28-03-2017 | 15000 |
| | ആകെ | 418563 |

സൂചിത പദ്ധതി പ്രകാരം ₹4,18,563/- ചെലവഴിച്ച് കരിമണ്ണൂരിൽ 'കരിയർ ഗൈഡൻസ് ആന്റ് കമ്പ്യൂട്ടർ ട്രെയിനിങ് സെന്റർ' സ്ഥാപിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ഈ സ്ഥാപനത്തിന്റെ ദൈനംദിന ചെലവുകൾ നടത്തുന്നതിനും തുടർ നടത്തിപ്പിനുമായി ബ്ലോക്ക് പഞ്ചായത്ത്

നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 6/24.10.17 ന് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ചെലവ് ₹4,18,563/- തടസ്സപ്പെടുത്തുന്നു.

## 3-8 ഐ.എ.വൈ അക്കൗണ്ടിൽ ഗണ്യമായ തുക അവശേഷിക്കുന്നു

ബ്ലോക്ക് പഞ്ചായത്തിന് ഇന്ദിരാ ആവാസ് യോജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ബാങ്ക് അക്കൗണ്ട് നിലവിലുണ്ട്. പ്രസ്തുത അക്കൗണ്ടുകളിൽ ഗണ്യമായ തുക നീക്കിയിരിപ്പുള്ളതായി ഓഡിറ്റിൽ കാണുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം/ ബാങ്ക് ശാഖ | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് തുക ₹ | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|
| IAY പ്ലാൻ | 40390201006253 | 26167560.28 | - |

ഉദാത്തമായ ലക്ഷ്യം മുൻനിർത്തി കേന്ദ്ര, സംസ്ഥാന സർക്കാരുകൾ, ഇതര തലത്തിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ലഭ്യമാക്കിയ വിഹിതങ്ങൾ യഥാവിധി സമയബന്ധിതമായി വിനിയോഗിക്കാതെ അക്കൗണ്ടിൽ മുതൽനിക്ഷേപമായി സൂക്ഷിച്ച നടപടി അംഗീകരിക്കാവുന്നതല്ല. 2016-17 സാമ്പത്തിക വർഷത്തോടെ ഐ.എ.വൈ. കേന്ദ്ര സർക്കാർ നിർത്തലാക്കിയ സാഹചര്യത്തിൽ ടി തുകയുടെ വിനിയോഗത്തിൽ ഏറെ സങ്കീർണതയും കാലതാമസവും നേരിടുമെന്നത് വ്യക്തമാണ്. അവശേഷിക്കുന്ന തുക വിനിയോഗത്തിന് പ്രത്യേക ഉത്തരവിലൂടെ അനുമതി നേടിയെടുക്കാൻ അടിയന്തിര നടപടികൾ ഭരണതലത്തിൽ സ്വീകരിക്കേണ്ടതാണ്.

## 3-9 ഭരണ സമിതി തീരുമാനങ്ങൾ നടപ്പിലാക്കിയില്ല

കമ്മിറ്റി തീരുമാനം ( 1 )17.06.2016

പ്രീമെടിക്ക് ഹോസ്റ്റലിലെ വയറിംഗ് പുതുക്കുന്നതിന് പ്രോജക്ട് വിംഗിൽ നിന്നും അംഗീകാരം വാങ്ങുന്നതിനും തുടർ നടപടികൾ കൈക്കൊള്ളുന്നതിനും ക്ഷേമകാര്യ സ്റ്റാൻന്റിംഗ് കമ്മിറ്റി ചെയർമാൻ സാജു ജോസഫ്, മെമ്പർ ശ്രീമതി. ഷൈനി അഗസ്റ്റിൻ എന്നിവരെ ചുമതലപ്പെടുത്തി.

കമ്മിറ്റി തീരുമാനം ( 3 )17.06.2016

ഇളംദേശം സി.എച്ച്.സി.യുടെ വേസ്റ്റ് നിർമ്മാർജ്ജനത്തിന് ഇൻസിനേറ്റർ സ്ഥാപിക്കുന്നത് വരെ ഇപ്പോൾ വേസ്റ്റ് കത്തിക്കുന്ന കുഴിയുടെ മേൽക്കൂര പുതുക്കി പണിയുന്നതിന് എസ്റ്റിമേറ്റ് എടുക്കുന്നതിനും തുടർ നടപടികൾ കൈക്കൊള്ളുന്നതിനും എ.എക്സി.എഞ്ചിനീയറെ ചുമതലപ്പെടുത്തി

തീരുമാലിച്ചു.

കമ്മിറ്റി തീരുമാനം ( 4 )17.06.2016

സി.എച്ച്.സി.യുടെ മേൽക്കൂരയിൽ പാകിയിരിക്കുന്നതും ഇപ്പോൾ ഉപയേഗ ശൂന്യമായിരിക്കുന്നതുമായ ഓട് ലേലം ചെയ്യുന്നതിനും ടി തുക എച്ച്.എം.സി ഫണ്ടിൽ വകയിരുതിഉനിനതിനും സെക്രട്ടറിയെ ചുമതലപ്പെട്ടുത്തി.

കമ്മിറ്റി തീരുമാനം ( 1)15.07.2016)

പ്ലാസ്റ്റിക്ക് സംസ്കരണ പ്ലാന്റ് പഞ്ചായത്തുകളുടെ സഹകരണത്തോടെ സംയുക്ത പ്രോജക്ടായി നടപ്പിലാക്കുവാൻ തീരുമാനിച്ചു.

ഭരണസമിതി തീരുമാനങ്ങളെടുത്ത് ഒരു വർഷത്തിലധികം കഴിഞ്ഞുവെങ്കിലും അത് നടപ്പാക്കുന്നതിനോ അവ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തുന്നതിനോ ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധ പതിപ്പിച്ചിട്ടില്ലായെന്ന വസ്തുത ഏറെ ഗൗരവമർഹിക്കുന്നു. ഇതു സംബന്ധമായി നൽകിയ അന്വേഷണക്കുറിപ്പിന് തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല. ഭരണസമിതിയുടെ ക്രിയാത്മകമായ ഇടപെടലുകൾ പദ്ധതി നിർവഹണത്തിന്റെ സുതാര്യതയ്ക്കും കാര്യക്ഷമതയ്ക്കും അനിവാര്യമാണെന്നതിനാൽ ഇത്തരം അലംഭാവങ്ങൾ പദ്ധതി പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയെ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്നത് നിസ്തർക്കമായ വസ്തുതയാണ്. വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിനും മാതൃകാപരമായ പ്രവർത്തനങ്ങൾ ഭാവിയിൽ നടത്തുന്നതിനുമായി വിഷയം ഭരണസമിതിയുടെ സജീവ ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രസ്തുത തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## **3-10** സി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ - നിബന്ധനകൾ പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | S0064/17, സി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹3,00,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. |
| ബിൽ നം./തീയതി | 1/16-17/27.01.2017 ₹2,36512/- |

മേൽ സൂചിത പദ്ധതി പ്രകാരം 2016-17 വർഷം പി.എച്ച്.സി.-യിലേക്ക് മരുന്ന് വാങ്ങുന്നതിന് ₹236512/- ചെലവ് ചെയ്തിരിക്കുന്നു. രണ്ട് ലക്ഷം രൂപയിൽ കൂടിയ വാങ്ങലുകൾ ടെണ്ടർ നടപടിയിലൂടെ വേണം എന്ന പ്രോക്യൂർമെന്റ് മാന്വലിലെ നിബന്ധന പാലിക്കാതെ തൊടുപുഴ മാവേലി മെഡിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ടാണ് മരുന്ന് വാങ്ങിയിരിക്കുന്നത്. പ്രോക്യൂർമെന്റ് മാന്വലിലെ നിബന്ധനകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 ഐ.എ.വൈ. പദ്ധതി നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച്

ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17ലെ ഇന്ദിരാ ആവാസ് യോജന നടത്തിപ്പുമായി ബന്ധപ്പെട്ട് ഫയലുകൾ പരിശോധിച്ചതിൽ 2012-13 മുതൽ 2016-17 വരെ ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | പണി പൂർത്തീകരിക്കാത്തവരുടെ എണ്ണം |
|---|---|---|---|
| 1 | 2012-13 | 326 | 19 |
| 2 | 2013-14 | 198 | 6 |
| 3 | 2014-15 | 198 | 12 |
| 4 | 2015-16 | 327 | 57 |
| 5 | 2016-2017 | 41 | 41 |
| | ആകെ | | 135 |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനോ ധനസഹായമായി നൽകിയ തുക തിരികെ ഈടാക്കുന്നതിനോ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 ISO സർട്ടിഫിക്കേഷൻ- പദ്ധതി നടത്തിപ്പിൽ അപാകത- ചെലവ് തടസ്സം

| | | |
|---|---|---|
| പദ്ധതി നം | : | 43/17 |
| നിർവഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി |
| ചെലവ് | : | ബിൽ നം.31/16-17-22-03-2017 ₹40000/- |
| | | 33/16-17-27-03-2017 ₹99880/- |
| | | 37/16-17-29-03-2017 ₹29070/- |

| | |
|---|---|
| | 38/16-17-30-03-2017 ₹1511/- |

ബ്ലോക്ക് പഞ്ചായത്തിന് ISO സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിനായ പ്രവർത്തനങ്ങൾക്കായാണ് മേൽ തുക ചെലവഴിച്ചിട്ടുള്ളത്. ഇതിനായി സാത്വിക് സിസ്റ്റംസ്, കൊച്ചി എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി നിയമിച്ച് 08-03-17 ന് കരാറിൽ ഏർപ്പെടുകയും ₹40000/-മുൻകൂറായി നല്കുകയും ചെയ്തിട്ടുണ്ട്. 90 ദിവസമാണ് ഈ കൺസൾട്ടന്റിന് പ്രവൃത്തി നിർവഹണത്തിന് അനുവദിച്ചിരുന്നത്. കരാർ കാലാവധി ഇതിനകം അവസാനിച്ചുവെങ്കിലും ആയത് പുതുക്കിയിട്ടില്ല. ഫർണിച്ചർ വാങ്ങുന്നതടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾക്കായി ശേഷിക്കുന്ന തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രൊക്യുയർമെന്റ് കമ്മിറ്റി രൂപീകരിക്കുക പോലും ചെയ്തിട്ടില്ല.

പദ്ധതിയുടെ പുരോഗതി ആശാവഹമല്ലാത്തതിനാൽ ഈ പദ്ധതിയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 ഗ്രാമീണ പഴം-പച്ചക്കറി , സംഭരണ വിപണനത്തിനായുള്ള ഗ്രാമീണ മാർക്കറ്റ്-(HADA) പദ്ധതി നടത്തിപ്പിൽ അപാകത- ചെലവ് തടസ്സം

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | : | അസി എക്സി- എഞ്ചിനീയർ |
| ചെലവ് | : | ചെക്ക നം.1578782/08-06-2016-₹1416883/- |
| | | 0141511/30-11-2016-₹949763/- |
| ആകെ | : | ₹2366646/- |

ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി ഗ്രാമീണ മാർക്കറ്റ് നിർമ്മിക്കുന്നതിനായി നല്കിയ 24ലക്ഷത്തിൽ ₹2366646/- വിനിയോഗിച്ച് നടത്തിയ ഗ്രാമീണ മാർക്കറ്റ് നിർമ്മാണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)റൂറൽ മാർക്കറ്റ് നിർമ്മിക്കുന്നതിനായി SKSസ്വാശ്രയ കർഷക വിപണി, കലയന്താനി എന്ന

സ്ഥാപനം വിട്ടു നല്കിയ 3 സെന്റ് സ്ഥലം സർക്കാരിലേയ്ക്ക് ഏറ്റെടുത്തുകൊണ്ട് ഇടുക്കി RDO 05-03-2014ൽ ബി-2.232/14 നമ്പരായി ഉത്തരവായിട്ടുണ്ട് എങ്കിലും ഈ ഉത്തരവിലെ നിർദ്ദേശപ്രകാരം തൊടുപുഴ തഹസിൽദാർ ഭൂമി ഏറ്റെടുത്ത് ,ഭൂരേഖകളിൽ തിരുത്തൽ വരുത്തി നടപടിക്രമം പുറപ്പെടുവിച്ചിട്ടില്ല.

2) തഹസിൽദാരുടെ നടപടിക്രമം ലഭ്യമല്ലാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിനായി ഏറ്റെടുത്ത സ്ഥലഭാഗം ഏതാണെന്നോ അതിൽ തന്നെയാണോ കെട്ടിട നിർമ്മാണം നടത്തിയിരിക്കുന്നത് എന്നോ വ്യക്തമല്ല. പതിനഞ്ചു സെന്റോളം വരുന്നതും റോഡുവക്കിൽ നിന്നും കുത്തനെ താഴ്ചയിലേയ്ക്ക് ചെരിഞ്ഞതുമായ ദീർഘചതുരത്തിലുള്ള സ്ഥലത്തിന്റെ ഏറ്റവും താഴെയുള്ള ഭാഗത്താണ് നിർമ്മിതി നടത്തിയിരിക്കുന്നത്.

3) നിലവിൽ പണിതിരിക്കുന്ന കെട്ടിടത്തിലേയ്ക്ക് ബ്ലോക്ക് പഞ്ചായത്തിന് സ്വതന്ത്രമായ പ്രവേശന മാർഗ്ഗം ഇല്ല. സ്വാശ്രയ കർഷക സംഘം അവരുടെ സ്ഥലത്തുകൂടി പ്രവേശനാനുമതി നല്കിയിട്ടുണ്ട് എങ്കിലും വഴിയ്ക്കുള്ള സ്ഥലം ബ്ലോക്ക് പഞ്ചായത്തിന് വിട്ടു നല്കിയിട്ടില്ല.

4) സ്വാശ്രയ കർഷക സംഘം ഭാവിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഒരുവലിയ കെട്ടിടത്തിന്റെ ഭാഗമായിതീരുന്ന തരത്തിലാണ് നിലവിലുള്ള നിർമ്മാണം നടത്തിയിരിയ്ക്കുന്നത്.

5) പ്രസ്തുത സ്ഥലവും പരിസരവും ഒരു ഗ്രാമീണ മാർക്കറ്റിന് അനുയോജ്യമാണോ എന്ന് യാതൊരു പഠനവും നടത്താതെയാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്

ഗ്രാമീണ മാർക്കറ്റ് എന്ന നിലയിൽ പ്രസ്തുത കെട്ടിടത്തിന്റെ പ്രയോജനം എല്ലാക്കാലവും മുഴുവൻ ജനങ്ങൾക്കും സ്വതന്ത്രമായി ലഭിക്കണമെങ്കിൽ അത് നിലനില്ക്കുന്ന സ്ഥലത്തിലും അതിലേയ്ക്കുള്ള വഴിയിലും ബ്ലോക്ക് പഞ്ചായത്തിന് പൂർണ്ണമായ ഉടമസ്ഥാവകാശം ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്.

ഈ സാഹചര്യത്തിൽ ലാൻഡ് റിലിങ്ക്വിഷ്മെന്റ് ചട്ടങ്ങൾ പ്രകാരം വഴിക്കുള്ള സ്ഥലം കൂടി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുകയും നിർമ്മിക്കപ്പെട്ട കെട്ടിടം പ്രയോജനപ്പെടുത്തുകയും ചെയ്യേണ്ടതാണ്. നിലവിൽ ഉപയോഗിക്കുന്നില്ലാത്തതിനാൽ ഈ പദ്ധതിയുടെ മുഴുവൻ ചെലവും തടസ്സപ്പെടുത്തുന്നു.

## 3-14 വികലാംഗർക്ക് മുച്ചക്ര വാഹനം വാങ്ങൽ

| | |
|---|---|
| പ്രോജക്ട് | s 0048/16 വികലാംഗർക്ക് മുച്ചക്ര വാഹനം വാങ്ങൽ |
| അടങ്കൽ | ₹1760,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സി ഡി പി ഒ ഇളംദേശം |
| ബിൽ നം./തീയതി തുക | 1/16-17 തി.31.12.16 ₹1446150 |

വികലാംഗർക്ക് മുചക്ര വാഹനം വാങ്ങി നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ ഗുണഭോക്താക്കൾക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ ആണ് വാങ്ങി നൽകിയിരിക്കുന്നത്. മേൽ പ്രോജക്ട് പ്രകാരം 22 ഗുണഭോക്താക്കൾക്ക് മുച്ചക്ര വാഹനം വാങ്ങി നല്കിയിട്ടുണ്ട്. എന്നാൽ ഇവരിൽ 21 ഗുണഭോക്താക്കാൾ ഡ്രൈവിംഗ് ലൈസൻസ് എടുത്തിട്ടില്ല. വിവിധ പഞ്ചായത്തുകളിൽ നിന്നും മേൽ പ്രോജക്ടിന്റെ ഗുണഭോക്താക്കളായി ആകെ 76 ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് ബ്ലോക്ക് പഞ്ചായത്തിന് നൽകി. ഇവരിൽ നിന്നും 22 ഗുണഭോക്താക്കൾക്കാണ് വാഹനം വാങ്ങി നല്കിയിട്ടുള്ളത്. ഈ 22 ഗുണഭോക്താക്കളെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5/24.10.2017 നുള്ള മറുപടിയിൽ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് രേഖാമൂലം ബ്ലോക്ക് പഞ്ചായത്ത് അധികൃതരോട് ആവശ്യപ്പെട്ടിട്ടും നൽകിയില്ല എന്നാണ് നിർവഹണ ഉദ്യോഗസ്ഥ സൂചിപ്പിക്കുന്നത്. ഇത് അധികൃതരുടെ ഭാഗത്തുള്ള ഗൗരവതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച ₹1446150/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 <u>വിവിധ കാരണങ്ങളാൽ ചെലവ് തടസ്സം</u>

| നിർവഹണ ഉദ്യോഗസ്ഥൻ | | സെക്രട്ടറി | |
|---|---|---|---|
| ബിൽ നമ്പർ തിയതി | തുക | ചെലവ് | തടസ്സകാരണം |
| 4/16-17 /04.03.2017 പ്രോജക്ട് നമ്പർ.71/17 | 480000/- | അംഗൻവാടി കെട്ടിട നിർമ്മാണം - ചാലാശേരി (കരിമണ്ണൂർ) | കൈപ്പറ്റ് രസീത്,വിനിയോഗനിനരം ഹാജരാക്കിയില്ല |

| | | | |
|---|---|---|---|
| 24/16-17 /04.03.2017<br>27/16-17 /08.03.2017<br>30.03.2017/16-17<br>പ്രോജക്ട് നമ്പർ.58/17 | 100000<br>100000<br>400000 | പാലിയേറ്റീവ് പരിചരണം -വിവിധ പഞ്ചായത്തുകൾക്ക് നൽകിയത് | - ടി- |
| 13/16-17 /16.01.2017<br>25/16-17 /08.03.2017<br>28.03.2017/16-17<br>പ്രോജക്ട് നമ്പർ.24/17 | 105542<br>130172<br>118259 | ജവഹർ ഭവന പദ്ധതി പലിശ- ബ്ലോക്ക് വിഹിതം വിവിധ പഞ്ചായത്തിന് നൽകിയത് | -ടി- |
| ആകെ | 1433973 | | |

₹1433973/-യുടെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹80,000 |
| തൻവർഷം നിക്ഷേപിച്ച തുക | -- |
| ആകെ | ₹80,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹80,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ആലക്കോട് സർവ്വീസ് സഹകരണ ബാങ്ക് രസീത് നം.1302 തീയതി 17.11.2014 | ₹35,000 |
| ആലക്കോട് സർവ്വീസ് സഹകരണ ബാങ്ക് രസീത് നം.1812 തീയതി 03.01.2015 | ₹35,000 |
| ആലക്കോട് സർവ്വീസ് സഹകരണ ബാങ്ക് രസീത് നം.2375 തീയതി 03.04.20132014 | ₹10,000 |
| ആകെ | ₹80,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 69443771 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 71729114 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 29600 |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 6760410 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 29600 | ജി.ശിശുപാലൻ,സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 50548 | 42773/- ജി.ശിശുപാലൻ, സെക്രട്ടറി<br>2195/- ഷിബു വർഗ്ഗീസ് ജോയിന്റ് ബി.ഡി.ഒ.<br>5580/- സുഹറത്ത് ബീവി ജോയിന്റ് ബി.ഡി.ഒ. |
| 3-3 | 816000 | ജി.ശിശുപാലൻ,സെക്രട്ടറി |
| 3-4 | 25000 | ജി.ശിശുപാലൻ, സെക്രട്ടറി |
| 3-5 | 109685 | ജി.ശിശുപാലൻ, സെക്രട്ടറി |
| 3-7 | 418563 | വി.ജെ.ജോർജ്ജ് കുട്ടി,<br>പട്ടികജാതി വികസന ഓഫീസർ |
| 3-6 | 53845 | ജി.ശിശുപാലൻ, സെക്രട്ടറി |
| 3-12 | 40000 | -ടി- |
| 3-13 | 2366646 | ജിജി തോസ്,അസി.എക്സ്.ഇ |
| 3-14 | 1446150 | സിസിലിയാമ്മ മാത്യു സി.ഡി.പി.ഒ. |
| 3-15 | 1433973 | ജി.ശിശുപാലൻ, സെക്രട്ടറി |
| ആകെ | 6760410 | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജി.ശിശുപാലൻ, സെക്രട്ടറി | ബി.ഡി.ഒ. പോത്തൻകോട് | ഇന്ദിര ഗാർഡൻസ് അയണിമൂട് പി.ഒ വെടിവെച്ചാൻകോവിൽ തിരുവനന്തപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽനിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.ഐ.-3/347/99/27.09.1999 |
| 1996-97 | എൽ.എഫ്.ഐ.-3/347/99/27.9.1999 |
| 1997-98 | എൽ.എഫ്.ഐ.-3/388/99/27.9.1999 |
| 1998-99 | എൽ.എഫ്.ഐ.-3/469/00/30.4.2001 |
| 1999-2000 | എൽ.എഫ്.ഐ.-3/504/01/17.5.2002 |
| 2000-01 | എൽ.എഫ്.ഐ.-3/179/03/12.11.2003 |
| 2001-02 | എൽ.എഫ്.ഐ.-4/222/04/2.12.2004 |
| 2002-03 | എൽ.എഫ്.ഐ.-4/76/05/4.5.2005 |
| 2003-04 | എൽ.എഫ്.ഐ.-4/707/06/3.3.2007 |
| 2004-05 | എൽ.എഫ്.ഐ.-4/437/07/8.6.2007 |

| | |
|---|---|
| 2005-06 | എൽ.എഫ്.ഐ.-4/786/08/20.01.2009 |
| 2006-07 | എൽ.എഫ്.ഐ.-4/241/09/21.04.2009 |
| 2007-08 | എൽ.എഫ്.ഐ.-4/258/01/13.7.2011 |
| 2008-09 | എൽ.എഫ്.ഐ.-4/1035/11/6.6.2012 |
| 2009-10 | എൽ.എഫ്.ഐ.-4/1036/11/28.6.2012 |
| 2010-11 | എൽ.എഫ്.ഐ.-4/311/13/25.7.2013 |
| 2011-12 & 2012-13 | എൽ.എഫ്.ഐ.-4/151/14/12.6.2014 |
| 2013-14 | കെ.എസ്.എ.ഐ.ഡി.കെ.-10/789/15/19.8.2015 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ.-10/147/2016/3.3.2016 |
| 2015-2015 | കെ.എസ്.എ.ഐ.ഡി.കെ.-10/232/2017/ 23.03.2017 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-ഐ.ഡി.കെ- 10/1549/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
Ph:04862-227332
e-mail:doidk.ksad@kerala.gov.in
തീയതി:06.11.2017

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇടുക്കി ജില്ലയിലെ ഇളംദേശം ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

No.KSA-IDK- 10/1549/2017

Kerala State Audit Department
District Audit Office,Idukki
Ph:04862-227332
e-mail:doidk.ksad@kerala.gov.in
Dt: 06.11.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Elamdesom Block Panchayat in Idukki District for the year ended on 31-03-2017 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Elamdesom Blok Panchayath for the year 2016-2017 except the observations in My audit report properly presents the picture of income and expenditure .

SENIOR DEPUTY DIRECTOR
IDUKKI